പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5270 06.02.2014 -ൽ മറുപടിക്ക്

## അങ്കമാലി കെ.എസ്.ആർ.ടി.സി സ്റ്റാൻഡിലേയ്ക്കുള്ള പ്രവേശനകവാടത്തിന്റെ സ്ഥലമെടുപ്പ്

ചോദ്യം

ശ്രീ. ജോസ് തെറ്റയിൽ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | അങ്കമാലി കെ.എസ്.ആർ.ടി.സി സ്റ്റാൻഡിലേയ്ക്കുള്ള പ്രവേശന കവാടത്തിന്റെ സ്ഥലമെടുപ്പ് നടപടികളിൽ നിന്നും വിട്ടുപോയ സ്ഥലം ഏറ്റെടുക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ ; | (എ) | അങ്കമാലി കെ.എസ്.ആർ.ടി.സി ബസ് സ്റ്റാന്റിലേക്കുള്ള പ്രവേശന കവാടം നിർമ്മിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടിയിൽ നിന്നും വിട്ടു പോയിട്ടുള്ള 0.24 ആർ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലം അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന സർക്കാർ പുറമ്പോക്ക് ആയ സർവ്വെ നമ്പർ. 413/4 -ൽപ്പെട്ട 3.15 ആർ സ്ഥലത്തിൽ ഉൾപ്പെട്ടതാണെന്നാണ് ആദ്യം കണ്ടെത്തിയിരുന്നത്. പിന്നീട് 0.24 ആർ സ്ഥലം സ്വകാര്യ ഭൂമിയാണെന്ന് കണ്ടെത്തുകയുണ്ടായി പൊന്നുംവില നടപടിയുടെ 4(1) വിജ്ഞാപനം 22.05.2013-ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും, തുടർന്ന് ബന്ധപ്പെട്ട കക്ഷികളെ വിചാരണ ചെയ്യുകയും, ടി പൊന്നുംവില നടപടിയുടെ കരട് പ്രഖ്യാപനം [6(1)] 26.09.2013ന് ലാന്റ് റവന്യൂ കമ്മീഷണർക്ക് സമർപ്പിച്ചപ്പോൾ വിട്ടുപോയിട്ടുള്ള പ്രസ്തുത സർവ്വെ നമ്പർ കൂടി ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്ന മുറക്ക് കരട് പ്രഖ്യാപനം അംഗീകരിക്കുന്നതാണെന്ന് ലാന്റ് റവന്യൂ |

| | | | |
|---|---|---|---|
| | | | കമ്മീഷണർ ജില്ലാ കളക്ടറെ അറിയിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ടി സർവ്വെ നമ്പർ കൂടി ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി.യും; ജില്ലാ കളക്ടർ, എറണാകുളവും സ്വീകരിച്ചു വരുന്നുണ്ട്. ഭരണാനുമതി ലഭ്യമാക്കി കരട് പ്രഖ്യാപനം ലാന്റ് റവന്യൂ കമ്മീഷർക്ക് സമർപ്പിക്കുന്ന മുറക്ക് ആയത് അംഗീകരിക്കുകയും, തുടർ നടപടി സ്വീകരിക്കുന്നതുമാണ്. |
| (ബി) | പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതിനായി പൂർത്തിയാക്കേണ്ട നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ? | (ബി) | ഭരണാനുമതി ലഭ്യമാക്കിയതിന് ശേഷം കരട് പ്രഖ്യാപനം ലാന്റ് റവന്യൂ കമ്മീഷണർ അംഗീകരിക്കുകയും, തുടർന്ന് ഡി.വി.എസ് അംഗീകരിച്ച്, അവാർഡ് പാസാക്കി ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കാവുന്നതുമാണ്. |

സെക്ഷൻ ഓഫീസർ